അടൂർ	16
പത്തനംതിട്ട	16
മല്ലപ്പള്ളി	16
റാന്നി	18
തിരുവല്ല	16
കോന്നി	18

(സി) മറ്റ് എക്സൈസ് റേഞ്ച് ഓഫീസുകളുമായി താരതമ്യപ്പെടുത്തുമ്പോൾ എണ്ണം കുറവല്ല.

എക്സൈസ് വകുപ്പ് മുഖേനയുള്ള വരുമാനം

39 [3901] *ശ്രീ. എ. സുജനപാൽ:*
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. വി. ജെ. പൗലോസ്:
,, *എം. കെ. പോൾസൺ മാസ്റ്റർ:*
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ എക്സൈസ് വകുപ്പ് മുഖേന സംസ്ഥാനത്തിനു ണ്ടായിട്ടുള്ള വരുമാനം എത്രയാണ്;

(ബി) പ്രസ്തുത വകുപ്പ് മുഖേന ലഭിക്കാനുള്ള തുകയിൽ ഇതുവരെ ഈ വർഷം എത്ര കുടിശ്ശികയുണ്ടായിട്ടുണ്ട്;

(സി) ഈ വർഷം ബിവറേജസ് കോർപ്പറേഷന് എന്ത് ലാഭമുണ്ടാകുമെന്ന് കരുതുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ (2004-05) 2005 ഫെബ്രുവരി 28-ാം തീയതി വരെ എക്സൈസ് വകുപ്പുവഴി 555.43 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) കുടിശ്ശികയുണ്ടായിട്ടില്ല.

(സി) ഈ വർഷം ബിവറേജസ് കോർപ്പറേഷന് ഏകദേശം 8.15 കോടി രൂപ യുടെ ലാഭമുണ്ടാകുമെന്ന് കരുതുന്നു.

സർക്കാരിന്റെ 2005-2006-ലെ മദ്യനയം

40 [3902] *ശ്രീ. ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 2005-2006-ലെ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004-2005-ലെ നയവുമായി ഇതിനുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്;

(സി) പുതിയ മദ്യനയം പ്രഖ്യാപിക്കുന്നതിന് മുൻപ് ഏതെല്ലാം തലങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്;

(ഡി) ഐക്യ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ പറഞ്ഞിരുന്ന നയങ്ങൾക്ക് അനുസൃതമായാണോ പുതിയ മദ്യനയം ആവിഷ്കരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2004-2005-ലെ നയവുമായി 2005-2006-ലെ നയത്തിനുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ ചേർക്കുന്നു. കള്ളുഷാപ്പുകളുടെ ലൈസൻസ് ഫീസ്, ഒരു ലക്ഷത്തിന് മുകളിലോ 20 തൊഴിലാളികളോ ഉള്ള ഷാപ്പുകൾക്ക് 15%-വും മറ്റുള്ളവയ്ക്ക് 25%-വും വർദ്ധിപ്പിച്ചു കെ.റ്റി.ഡി.സി. നടത്തുന്ന തിരുവനന്തപുരം മസ്ക്കറ്റ് ഹോട്ടലിൽ പരീക്ഷണാടിസ്ഥാനത്തിൽ മൈക്രോ ബ്രുവറി സ്ഥാപിക്കുന്നതിന് അനുവാദം നൽകി. എഫ്. എൽ. 3 ലൈസൻസുകൾ അനുവദിക്കുന്ന സ്ഥലങ്ങളിൽ ബിയർ പാർലറുകൾ അനുവദിക്കുവാൻ തീരുമാനിച്ചു. ബാറുകളുടെ ലൈസൻസ് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥ പുനഃസ്ഥാപിച്ചു.

(സി) പുതിയ നയം പ്രഖ്യാപിക്കുന്നതിന് മുൻപ് രാഷ്ട്രീയ പാർട്ടികളുമായും അബ്കാരി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത തൊഴിലാളി യൂണിയൻ നേതാക്കളുമായും ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും പ്രായോഗികമായ സമീപനവും ഒത്തുചേർത്താണ് പുതിയ നയം ആവിഷ്കരിച്ചിട്ടുള്ളത്.

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

41 [3903] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് വകുപ്പിന് നിലവിൽ എന്തൊക്കെ ആയുധങ്ങളും എത്ര വാഹനങ്ങളുമാണ് ഉള്ളത്;

(ബി) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(സി) എക്സൈസ് ഉദ്യോഗസ്ഥർക്ക് പുതിയതായി കൊടുക്കുവാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങളും ആയുധങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly